"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം 2025- സഹകരണ സംഘം രജിസ്ട്രാറുടെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിലുള്ള അക്കൗണ്ടിലേക്ക് തുക വക മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.47/2026/Co-Op തീയതി,തിരുവനന്തപുരം, 05-02-2026

---

പരാമർശം:-

1. സ.ഉ.(പി)നം.49/2025/സഹ തീയതി 15.04.2025 (എസ്.ആർ.ഒ. നം.448/2025)
2. ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11.01.2026 ൽ ചേർന്ന സംസ്ഥാനതല ഉന്നത തല കമ്മിറ്റിയുടെ ഓൺലൈൻ യോഗ നടപടിക്രമം.
3. സഹകരണ സംഘം രജിസ്ട്രാറുടെ 12.01.2026 ലെ ജി(1) 11301/2024 നമ്പർ കത്ത്

**ഉത്തരവ്**

കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം 2025 പദ്ധതി പ്രകാരം വിവിധ ജില്ലകളിൽ നിന്നായി സംസ്ഥാനതല ഉന്നത തല കമ്മിറ്റി തിരഞ്ഞെടുത്തിട്ടുള്ള സംഘങ്ങൾക്ക് പ്രസ്തുത ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനായി കേരള ബാങ്കിൽ സംഘങ്ങൾ നിക്ഷേപിച്ചിട്ടുള്ള റിസർവ് ഫണ്ട് ,അഗ്രികൾച്ചറൽ ക്രെഡിറ്റ് സ്റ്റെബിലൈസേഷൻ ഫണ്ട് എന്നിവയിൽ നിന്നും സഹകരണ സംഘം രജിസ്ട്രാറുടെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിലുള്ള അക്കൗണ്ടിലേക്ക് 100 കോടി രൂപ (നൂറ് കോടി രൂപ) വകമാറ്റുന്നതിനുള്ള പരാമർശം 2 ലെ തീരുമാനത്തിൻമേൽ തുടർനടപടികൾ സ്വീകരിക്കണമെന്ന് സഹകരണ സംഘം രജിസ്ട്രാർ പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

**2.** സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം ഖണ്ഡിക **5(2)** പ്രകാരം നീക്കിവച്ചിട്ടുള്ള തുകയിൽ നിന്നും പരാമർശം **2** പ്രകാരം സ്റ്റേറ്റ് ഹൈ ലെവൽ കമ്മിറ്റി പിൻവലിക്കുന്നതിന് അനുമതി നൽകിയ, **100** കോടി രൂപ (നൂറ് കോടി രൂപ) സഹകരണ സംഘം രജിസ്ട്രാറുടെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിലുള്ള പ്രത്യേക അക്കൗണ്ടിലേക്ക് (**A/C** നം.**110112801200135**) വകമാറ്റുന്നതിനും

സ്കീമിലെ മറ്റു വ്യവസ്ഥകൾ പ്രകാരം പ്രസ്തുത തുക വിനിയോഗിക്കുന്നതിനും സഹകരണ സംഘം രജിസ്ട്രാർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വീണ എൻ മാധവൻ ഐ എ എസ്
സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്)കേരളം ,

തിരുവന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന സഹകരണ ബാങ്ക്

വെബ് &ന്യൂ മീഡിയ

കരുതൽ ഫയൽ /ഓഫീസ് കോപ്പി (ബി2/3/2026-സഹ)

ഉത്തരവിൻ പ്രകാരം

Signed by
Jithesh B K
സെക്ഷൻ ഓഫീസർ
Date: 05-02-2026 13:08:22

പകർപ്പ് - ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.